ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.04.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഹരിയാന സന്ദർശിക്കും; ഊർജ മേഖലയിലടക്കം വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will visit Haryana tomorrow; the Prime Minister will inaugurate various development projects, including in the energy sector.**

2. മധ്യപ്രദേശ് സർക്കാരിൻറെ ക്ഷീര മേഖലയുമായി ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് ഭോപ്പാലിലെത്തും.

   **Union Home Minister Amit Shah will arrive in Bhopal today to participate in the Madhya Pradesh government's dairy sector programs.**

3. മുർഷിദാബാദിലെ അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമ ബംഗാൾ ചീഫ് സെക്രട്ടറി, ഡിജിപി എന്നിവരുമായി കേന്ദ്ര ആഭ്യന്തര സെക്രട്ടറി ചർച്ച നടത്തി.

   **The Union Home Secretary held discussions with the West Bengal Chief Secretary and DGP in the wake of the violence in Murshidabad.**

4. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

**Chief Minister Pinarayi Vijayan will participate in various programs in Kannur district today.**

5. സ്മാർട്ട്ഫോണുകളെയും കമ്പ്യൂട്ടറുകളെയും പകരച്ചുങ്കത്തിൽ നിന്ന് ഒഴിവാക്കുമെന്ന് അമേരിക്ക.

**The US says it will exempt smartphones and computers from reciprocal tariffs**

6. ഇന്ത്യൻ സൂപ്പർ ലീഗ് കിരീടം മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന്; IPL ക്രിക്കറ്റിൽ പഞ്ചാബിനെതിരെ, ഹൈദരാബാദിന് ഉജ്ജ്വല വിജയം.

**Mohun Bagan Supergiant's win the Indian Super League; Hyderabad wins a resounding victory over Punjab in IPL cricket.**

## PM - HARYANA (INTRO)

അംബേദ്കർ ജയന്തി ദിനമായ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാന സന്ദർശിക്കും. ഊർജ മേഖലയിൽ അടക്കം നിരവധി പദ്ധതികൾക്കും അദ്ദേഹം നാളെ തുടക്കം കുറിക്കും.

ഒരു റിപ്പോർട്ട്.........

(വോയിസ്)

## PM - HARYANA ( VOICE)

രാവിലെ ഹിസാറിൽ എത്തുന്ന പ്രധാനമന്ത്രി, ഹിസാർ വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ ശിലാസ്ഥാപനവും, ഹിസാർ-അയോദ്ധ്യ വിമാനസർവീസും ഉദ്ഘാടനം ചെയ്യും. യമുന

നഗറിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന പ്രധാനമന്ത്രി, പൊതു യോഗങ്ങളെയും അഭിസംബോധന ചെയ്യും. 8,470 കോടി രൂപ ചിലവിൽ 233 ഏക്കറിൽ സ്ഥാപിക്കുന്ന 800 MegaWatt അത്യാധുനിക താപവൈദ്യുത നിലയം, GOBARDhan പദ്ധതിയുടെ ഭാഗമായ കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭാര്തമാല പരിയോജനയ്ക്ക് കീഴിലുള്ള റേവാരി ബൈപാസ് പദ്ധതിയും അദ്ദേഹം നാടിനു സമർപ്പിക്കും. 14.4 കിലോമീറ്റർ ദൂരം വരുന്ന ഈ പാത യാഥാർഥ്യമാകുന്നതോടെ Delhi-Narnaul യാത്ര ദൈർഘ്യം ഒരു മണിക്കൂർ കുറയും. മേഖലയിൽ സാമൂഹിക-സാമ്പത്തിക വികസനത്തിനും ഇത് വഴി തുറക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.....

## PADAYATRA

ഭരണഘടനയുടെ 75-ാം വാർഷികാഘോഷത്തിന്റെയും ഡോ.ബി.ആർ.അംബേദ്കറുടെ 134-ാം ജന്മവാർഷികത്തിന്റെയും ഭാഗമായി ഇന്ന് പദയാത്ര സംഘടിപ്പിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല പദയാത്ര തിരുവനന്തപുരത്ത് കവടിയാറിൽ നിന്ന് ആരംഭിച്ച് വെള്ളയമ്പലത്ത് സമാപിക്കും. മന്ത്രി ജി.ആർ.അനിൽ അധ്യക്ഷത വഹിക്കും.

## ARJUN RAM MEGHWAL

"എല്ലാവർക്കും നീതി" എന്ന ആശയത്തോടാണ് രാജ്യത്തിന്റെ പ്രതിബദ്ധതയെന്ന് നിയമ സഹമന്ത്രി അർജുൻ റാം മേഘ്വാൾ. സമകാലിക ഇന്ത്യയിൽ സമത്വവും നീതിയും എല്ലാ മേഖലകളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്നലെ

കൊഹിമയിൽ നടന്ന സംസ്ഥാനതല മെഗാ ലീഗൽ സർവീസസ് ക്യാമ്പിന്റെ സമാപന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. രാജ്യത്തെ മുന്നോട്ടു നയിക്കുന്ന ഭരണഘടനക്ക് രൂപം നൽകിയ ഡോ. ബി.ആർ.അംബേദ്കറെ ശ്രീ.മേഘ്‌വാൾ പ്രശംസിച്ചു. നാളെ ഡോ. അംബേദ്കറുടെ ജന്മദിനം ആഘോഷിക്കുകയാണെന്നും "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയാണ് നമ്മുടെ ഭരണഘടനയുടെ പ്രധാന സ്തംഭങ്ങൾ എന്നും മന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AMIT SHAH-BHOPAL

ഭോപ്പാലിൽ, മധ്യപ്രദേശ് സർക്കാർ സംഘടിപ്പിക്കുന്ന പരിപാടിയിൽ ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് പങ്കെടുക്കും. സംസ്ഥാനത്തെ ക്ഷീര മേഖലയ്ക്ക് ഉണർവേകുന്ന വിവിധ പദ്ധതികൾക്ക് ചടങ്ങിൽ തുടക്കമാകും. പ്രത്യേക പങ്കാളിത്ത കരാറിലും സംസ്ഥാന സർക്കാർ ഭാഗമാകും. ക്ഷീര കർഷകരുടെ വരുമാനം , പാലുത്പാദനം എന്നിവ വർധിപ്പിക്കൽ, ക്ഷീര സമിതികളുടെ എണ്ണം ഒന്പതിനായിരമായി ഉയർത്തൽ, പ്രതിദിന പാൽ സംഭരണം ഇരട്ടിയാക്കാൻ എന്നിവയ്ക്ക് കരാർ വഴി തുറക്കുമെന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പദ്ധതികൾ കേന്ദ്രമന്ത്രി അമിത് ഷാ അവലോകനം ചെയ്യും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## MHA-MURSHIDABAD VIOLENCE

പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലയിലുണ്ടായ അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ പശ്ചിമ ബംഗാൾ ചീഫ് സെക്രട്ടറിയുമായും ഡിജിപിയുമായും വീഡിയോ കോൺഫറൻസ് മുഖേന ചർച്ച നടത്തി. 150-ലധികം പേരെ അറസ്റ്റ് ചെയ്തതായും പോലീസ് ബിഎസ്എഫിന്റെ സഹായം തേടുന്നുണ്ടെന്നും പശ്ചിമ ബംഗാൾ ഡിജിപി അറിയിച്ചു. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം 5 കമ്പനി

ബിഎസ്എഫ് സൈനികരെക്കൂടി വിന്യസിച്ചിട്ടുണ്ടെന്നും ആഭ്യന്തര സെക്രട്ടറി പറഞ്ഞു. വഖഫ് ഭേദഗതി നിയമത്തിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലയിൽ ഉണ്ടായ അക്രമസംഭവങ്ങളിൽ 3 പേർ മരിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## FDI

ഏപ്രിൽ 4 ന് അവസാനിച്ച ആഴ്ചയിൽ രാജ്യത്തിൻറെ വിദേശനാണ്യ കരുതൽ ശേഖരം 676.2 ബില്യൺ ഡോളറിലെത്തി. 10.8 ബില്യൺ ഡോളറാണ് വർധന. റിസർവ് ബാങ്കിൻറെ വാരാന്ത്യ കണക്കുകൾ പ്രകാരം, കഴിഞ്ഞ ആഴ്ചയിൽ, വിദേശ കറൻസി ആസ്തി 9.07 ബില്യൺ ഡോളറിലധികം വർധിച്ച് 574 ബില്യൺ ഡോളറിലെത്തി. സ്വർണ്ണത്തിൻറെ കരുതൽ ശേഖരം 1.56 ബില്യൺ ഡോളർ വർധിച്ച് 79.36 ബില്യൺ ഡോളറായി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PADMA AWARDS

2026 ലെ പത്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു, അടുത്ത വർഷം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പുരസ്ക്കാരങ്ങൾ പ്രഖ്യാപിക്കും. ഈ വർഷം ജൂലൈ 31 വരെ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാം. കഴിഞ്ഞ മാസം 15 ന് നാമനിർദ്ദേശ പ്രക്രിയ ആരംഭിച്ചു. പത്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങളും ശുപാർശകളും രാഷ്ട്രീയ പുരസ്കാർ പോർട്ടലിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VRITHI CONCLAVE 2025

മാലിന്യ നിർമാർജനം ദൈനംദിന ജീവിതത്തിൻറെ ഭാഗമാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച വൃത്തി 2025 ദേശീയ കോൺക്ലേവിൻറെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രാദേശിക തലത്തിൽ ചെറിയ മാലിന്യ നിർമാർജന പ്ലാൻറുകൾ ആരംഭിക്കണമെന്നും ക്രമേണ അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മന്ത്രി എം.ബി.രാജേഷ് സന്നിഹിതനായിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CM – KANNUR (INTRO)

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ മക്രേരി ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ സോപാന സംഗീത മ്യൂസിയവും ഊട്ടുപുരയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ
(കണ്ണൂർ-വോയിസ്)

തുടർന്ന് പിണറായി കൺവെൻഷൻ സെൻററിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാനത്തെ ആദ്യത്തെ അതിദാരിദ്ര്യ മുക്ത നിയമസഭാ മണ്ഡലമായി ധർമ്മടം മണ്ഡലത്തെ മുഖ്യമന്ത്രി പ്രഖ്യാപിക്കും. വൈകീട്ട് പാനുണ്ടയിൽ വിവിധ റോഡുകളുടെ ഉദ്ഘാടനം നിർവഹിക്കുന്ന അദ്ദേഹം തുടർന്ന് കൂത്തുപറമ്പ് സഹകരണ റൂറൽ ബാങ്ക് ഓഡിറ്റോറിയം കോംപ്ലക്സ് ഉദ്ഘാടനം ചെയ്യും. രാത്രി ഏഴിന് പിണറായിയിൽ നടന്നു വരുന്ന പിണറായി പെരുമയുടെ സമാപന സമ്മേളനവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## WAYANAD – CHOORALMALA, MUNDAKAI

വയനാട്, ചൂരൽമല- മുണ്ടക്കൈ ടൗൺഷിപ്പിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതുക്കിയ ന്യായവില പ്രകാരമുള്ള അധിക നഷ്ടപരിഹാരമായ 17.77 കോടി രൂപ കോടതിയിൽ കെട്ടിവെച്ചാണ് എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമ്മിക്കുന്ന മാതൃകാ ടൗൺഷിപ്പിനുള്ള ഭൂമി സർക്കാർ ഏറ്റെടുത്തത്. മുൻ ഉത്തരവിൻറെ അടിസ്ഥാനത്തിൽ നേരത്തേ 26 കോടി രൂപ കെട്ടിവെച്ചിരുന്നു.

## OSHANA

ഇന്ന് ഓശാന ഞായർ. കഴുതപ്പുറത്തേറി യേശു ക്രിസ്തു നടത്തിയ ജറുസലേം പ്രവേശനത്തെ ക്രൈസ്തവ മത വിശ്വാസികൾ ഭക്തിപൂർവ്വം അനുസ്മരിക്കുന്ന ദിവസം ആണ് ഓശാന. അൻപത് നൊയമ്പിലെ പ്രധാന ദിവസങ്ങളിലൊന്നായ ഓശാനയോട് അനുബന്ധിച്ചു ദേവാലയങ്ങളിൽ കുരുത്തോല പ്രദക്ഷിണം അടക്കമുള്ള പ്രത്യേക ചടങ്ങുകൾ നടന്നു. കാൽവരിയിലേക്കുള്ള സഹനയാത്രയുടെ ഓർമ്മകൾ ഉണർത്തി, കുരിശിന്റെ വഴിയും പള്ളികളിൽ ഇന്ന് നടക്കും. യേശുവിന്റെ അന്ത്യ അത്താഴത്തിൻറെയും, കുരിശു മരണത്തിൻറെയും ഉത്ഥാനത്തിൻറെയും ഓർമ്മകൾ ഉണർത്തുന്ന വിശുദ്ധവാരത്തിനും ഓശാനയോടെ തുടക്കമാകും.

## SABARIMALA

മേട വിഷുദിനത്തിൽ പുലർച്ചെ നാലുമണിക്ക് ശബരിമല നടതുറക്കും. 4 മണി മുതൽ ഭക്തർക്ക് വിഷു കണി ദർശനത്തിന് അവസരമുണ്ട്. വിഷുക്കണി ദർശനം രാവിലെ 7 വരെയുണ്ടാകും. കണി ദർശനത്തിനുശേഷം മാത്രമേ അഭിഷേകം ഉണ്ടായിരിക്കൂ.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## US TARIFFS

സ്മാർട്ട്ഫോണുകളെയും കമ്പ്യൂട്ടറുകളെയും പകരചുങ്കത്തിൽ നിന്ന് ഒഴിവാക്കുമെന്ന് അമേരിക്ക. അമേരിക്ക ഇറക്കുമതി ചെയ്യുന്ന സെമികണ്ടക്ടറുകൾ, സോളാർ സെല്ലുകൾ, മെമ്മറി കാർഡുകൾ എന്നിവയുൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾക്കും ഘടകഭാഗങ്ങൾക്കും ഇളവുകൾ ബാധകമാണ്. ചൈനയിൽ ഐഫോൺ നിർമ്മിക്കുന്ന ആപ്പിൾ പോലുള്ള കമ്പനികൾക്ക് തീരുമാനം സഹായകമാകും. ഇതോടെ പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ച 10 ശതമാനം ആഗോള തീരുവയിൽ നിന്നും 145 ശതമാനം ചൈനീസ് തീരുവയിൽ നിന്നും സ്മാർട്ട്ഫോണുകളും കമ്പ്യൂട്ടറുകളും ഒഴിവാക്കപ്പെടും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## IPL

IPL ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് സൂപ്പർ കിങ്സിനെതിരെ സൺ റൈസേഴ്സ് ഹൈദരാബാദിന് ഉജ്ജ്വല വിജയം. പഞ്ചാബ് നേടിയ 246 റൺസ് വിജയലക്ഷ്യം 18.3 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ ഹൈദ്രബാദ് മറികടന്നു. 55 പന്തിൽ 141 റൺ നേടിയ ഓപ്പണർ അഭിഷേക് ശർമ്മയുടെ സെഞ്ച്വറിയാണ് ഹൈദരാബാദിനെ വിജയത്തിലെത്തിച്ചത്.

ഇന്ന് വൈകിട്ട് 3.30 ന് രാജസ്ഥാൻ ബംഗളുരുവിനെയും രാത്രി 7.30 ന് ഡൽഹി മുംബൈയെയും നേരിടും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് കിരീടം മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന്. അധികസമയത്തിലേക്ക് നീണ്ട കലാശപ്പോരിൽ ബെംഗളൂരു എഫ്സിയെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ചാണ് ബഗാൻ കിരീടം നേടിയത്. നേരത്തെ ഐഎസ്എൽ ഷീൽഡും ബഗാൻ നേടിയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡